# അഹ്മദ് ഖലീൽ

## മർയം ജമീല

വിവ: ഹഫ്സ

**ആശുപത്രിയിൽനിന്ന്** കൊണ്ടുവന്ന ഗുളികകൾ മുടങ്ങാതെ കഴിക്കുന്നുണ്ട് അഹ്മദ് ഖലീൽ. പക്ഷേ, ദിനംപ്രതി അയാളുടെ സ്ഥിതി മോശമായിവന്നു. വിട്ടുമാറാത്ത പനിയും ചുമയും. അസ്മ എപ്പോഴും അടുത്തു തന്നെ ഉണ്ടാവും. വീട്ടുപണി എടുക്കുമ്പോഴും മനസ്സ് ഭർത്താവിന്റെ അടുത്തായിരിക്കും. ചുമയ്ക്കുന്നത് കേട്ടാലുടനെ ഓടിയെത്തും, പുറം തടവും. അധിക സമയവും അയാൾ കിടക്കയിലാണ് കഴിച്ചുകൂട്ടുന്നത്.

ശൈത്യകാലം വന്നപ്പോൾ അൽപം ആശ്വാസം തോന്നി. എഴുന്നേറ്റ് കോലായിൽ വന്നിരുന്ന് പുറത്തേക്ക് നോക്കി സമയം ചെലവഴിച്ചു. ഇടക്കിടെ ഇൻആമുല്ലയും അബ്ദുർറഹ്മാനും വരും. അൽപനേരം വർത്തമാനം പറഞ്ഞിരിക്കും.

ഒരു ദിവസം ഇസ്മാഈലിന്റെ ഒരു കത്തിൽ അയാൾ വായിച്ചു:

'റഫീഖും ഞാനും മൂന്ന് മാസം മുമ്പ് കൊക്കക്കോള ഫാക്ടറിയിൽനിന്ന് പിരിഞ്ഞു. ഇപ്പോൾ ദഹ്റാനിലെ അമേരിക്കൻ ഓയിൽ കമ്പനിയിലാണ് ഞങ്ങൾ പണിയെടുക്കുന്നത് . കൊക്കക്കോള ഫാക്ടറിയിൽ പ്രമോഷന്നും സാധ്യത കുറവാണ്. ഇവിടെ അങ്ങനെയല്ല. ശോഭനമായ ഒരു ഭാവി ഞങ്ങളെ കാത്തിരിക്കുന്നു.'

തുടർന്ന് മുടങ്ങാതെ കത്തുകൾ വന്നുകൊണ്ടിരുന്നു. എല്ലാ കത്തിലും ദഹ്റാനിലെ വിശേഷങ്ങൾ നിറയെ. ധാരാളം നല്ല ചങ്ങാതിമാരുണ്ട്, വൈകുന്നേരങ്ങളിൽ ബീച്ചിൽ ചെന്നിരിക്കും, കടലിൽ കുളിക്കും. ഒരു ഗ്രാമഫോൺ വാങ്ങിയിട്ടുണ്ട്. താമസസ്ഥലത്ത് ടെലിവിഷനുണ്ട്.

അബ്ദുർറഹ്മാനും വാങ്ങിയിട്ടുണ്ട് ഒരു ടെലിവിഷൻ. കുട്ടികൾ ഇരിക്കപ്പൊറുതി കൊടുക്കാത്തതുകൊണ്ട്. അതൊരു ആർഭാടമാണ്, ഒഴിവാക്കുന്നതാണ് നല്ലത് എന്ന് കുട്ടികളോട് എത്ര പറഞ്ഞിട്ടും അവർ പിടിവാശി വിട്ടില്ല.

'ടെലിവിഷൻ വന്നതോടെ നമ്മുടെ കുട്ടികളെ നിയന്ത്രിച്ചു നിർത്താൻ നമുക്കു കഴിയാതായി'- അയാൾ അഹ്മദ് ഖലീലിനോട് പറഞ്ഞു.

'ശത്രുവിന്റെ ഏറ്റവും മാരകമായ ആയുധമാണ് ടി.വി'- അഹ്മദ് ഖലീൽ പറഞ്ഞു. 'ശരിയാണ്. ടി.വി മനസ്സുകളെ ആക്രമിച്ചു കീഴ്പ്പെടുത്തുന്നു. സ്ക്രീനിൽ കാണുന്നതപ്പടി അനുകരിക്കാനുള്ള കുട്ടികളുടെ ഭ്രമം കാണുമ്പോൾ പേടി തോന്നുന്നു'- ഇൻആമുല്ല പറഞ്ഞു.

'മദീനയിൽ വലിയ ഒരു സ്റ്റേഡിയം നിർമിക്കാൻ പോകുന്നുണ്ട് ഗവൺമെന്റ്. കായികവിനോദങ്ങൾക്ക് പ്രോത്സാഹനം നൽകാൻ വേണ്ടതെല്ലാം ചെയ്യുമെന്ന് ഗവൺമെന്റ് പറയുന്നു.' അറബ് ലോകം മാറുകയാണ്. പഴയ കെട്ടിടങ്ങൾ ഒന്നൊന്നായി തകർക്കപ്പെടുന്നു. പാശ്ചാത്യമാതൃകയനുസരിച്ചുള്ള അംബരചുംബികൾ ഉയർന്നുവരുന്നു. സമ്പന്നവർഗത്തിന് പാശ്ചാത്യ രീതികളോടാണ് പ്രിയം. പരമ്പരാഗത ജീവിത സമ്പ്രദായങ്ങളെല്ലാം പഴഞ്ചൻ എന്ന് എണ്ണപ്പെടുന്നു. മദീനയെ ആധുനികവൽക്കരിക്കാൻ വിശാലമായ തെരുവീഥികളുംഷോപ്പിംഗ് കോംപ്ലക്സുകളും നിർമിക്കപ്പെട്ടു. അഹ്മദ് ഖലീൽ പാർക്കുന്ന ഭാഗം ഇതുവരെ സുരക്ഷിതമായിരുന്നു. ഇപ്പോൾ ആ ഭാഗത്തുള്ള കെട്ടിടങ്ങളും ഇടിച്ചുനിരത്താൻ പോകുന്നു.

കുടിയേറിപ്പാർക്കുന്നവരാണ് ഈ ഭാഗത്തുള്ളവരെല്ലാം. പല രാജ്യക്കാർ. ആർക്കും സ്വന്തമായി പാർപ്പിടമില്ല. എല്ലാവരും വാടകക്കാർ. താമസിയാതെ ഒഴിപ്പിക്കപ്പെടുമെന്ന് കേൾക്കുന്നു. എന്തു ചെയ്യും താനും കുടുംബവും? എങ്ങോട്ടു പോകും?

ഉത്കണ്ഠാഭരിതമായ നാളുകൾ. റമദാൻ സമാഗതമായി. ഇസ്മാഈലിന്റെ കത്ത് വരാതായിട്ട് മാസങ്ങളായി. അവൻ സൂക്ഷിച്ചുവെച്ചിരുന്ന കുറേ സിനിമാ താരങ്ങളുടെ ഫോട്ടോകൾ റഫീഖ് കീറിപ്പറിച്ചെറിഞ്ഞെന്നും അതിന്റെ പേരിൽ കലഹിച്ച് തെറ്റിപ്പിരിഞ്ഞെന്നും കാണിച്ച് ഒരു കത്ത് വന്നതിന് മറുപടി എഴുതിയിരുന്നു. മനസ്സുകളെ മലിനപ്പെടുത്താനുള്ള ശത്രുവിന്റെ നീക്കങ്ങൾക്കെതിരെ; ടി.വി, സംഗീതം, സിനിമ, സ്പോർട്സ് മുതലായ വിനോദോപാധികൾക്കെതിരെ കരുതിയിരിക്കണമെന്ന് ഉപദേശിച്ചിരുന്നു. പിന്നെ കത്ത് വന്നില്ല. അഹ്മദ് ഖലീൽ അവന്റെ കാര്യം മറന്ന പോലായി.



റമദാൻ അവധിക്ക് അബ്ദുർറാസിഖ്

വന്നപ്പോൾ സന്തോഷം കൊണ്ട് എല്ലാ വിഷമങ്ങളും അയാൾ മറന്നു. ഇരുപതു വയസ്സായി ഇപ്പോൾ അബ്ദുർറാസിഖിന്. നല്ല പൊക്കം, സൗമ്യ ഭാവം, പഠിത്തത്തിൽ മിടുക്കനാണ് അവനെന്ന് പ്രഫസർ, അഹ്മദ് ഖലീലിനെഴുതിയ ഒരു കത്തിലുണ്ടായിരുന്നു. അസ്ഹറിലെ ജീവിതം സന്തുഷ്ടി നിറഞ്ഞതാണെന്ന് അവനും എഴുതുമായിരുന്നു. എന്നാൽ ഇപ്പോൾ....

'ബാപ്പാ, ജമാൽ അബ്ദുന്നാസിറിന്റെ ഭീകരവാഴ്ചയിൽ കെയ്റോയിലിപ്പോൾ ഭീതിയാണ് വിളയാടുന്നത്. എങ്ങോട്ട് തിരിഞ്ഞാലും പോലീസുകാരും ചാരന്മാരും. ആരും സുരക്ഷിതരല്ല. ദിവസംപ്രതി സ്ഥിതി വഷളായിവരുന്നു. കത്തുകൾ സെൻസർ ചെയ്യപ്പെടുന്നതുകൊണ്ടാണ് ഞാൻ ഒന്നും എഴുതാതിരുന്നത്. ഇഖ്വാനുൽ മുസ്‌ലിമൂനിൽ അംഗങ്ങളായവർ വേട്ടയാടപ്പെടുന്നു. അവരുമായാണ് എനിക്ക് കൂടുതൽ അടുപ്പം. ഞങ്ങൾക്ക് ചുറ്റുമുള്ള പാവപ്പെട്ട കുട്ടികൾക്കു വേണ്ടി ഒഴിവുസമയം ഞങ്ങൾ ചെലവാക്കുന്നു. അവരുടെ പട്ടിണി മാറ്റാൻ ഞങ്ങൾ ആവുന്നതെല്ലാം ചെയ്യുന്നു. അവരെ ഖുർആൻ പഠിപ്പിക്കുന്നുമുണ്ട്. ഇഖ്വാനിൽ ചേരാൻ ഞാൻ ആഗ്രഹിച്ചതാണ്. സഹോദരന്മാർ വിലക്കി. വീട്ടിലേക്ക് മടങ്ങാൻ നിർബന്ധിച്ചു. ഇതിനകം അവരെല്ലാം ജയിലിലായിക്കഴിഞ്ഞു. അതിഭീകരമായ മർദന പീഡനങ്ങൾ അനുഭവിക്കുന്ന അവരെക്കുറിച്ച് ഓർക്കുമ്പോൾ... ബാപ്പാ, ഇനി മടങ്ങിച്ചെല്ലരുതെന്നാണ് അവരുടെ അഭിപ്രായം. മടങ്ങിപ്പോകാൻ ഞാൻ ഇഷ്ടപ്പെടുന്നുമില്ല.'

അബ്ദുർറാസിഖ് ധർമസങ്കടത്തിലാണെന്ന് അഹ്മദ് ഖലീൽ കണ്ടു. അയാൾ പറഞ്ഞു: 'മോനേ, നീ മടങ്ങിപ്പോകണം. അൽ അസ്ഹറിനെ തൊട്ടു കളിക്കാൻ ജമാൽ അബ്ദുന്നാസിർ ധൈര്യപ്പെടില്ല. അവിടെ വിദ്യാർഥിയായിരിക്കുന്നതിനാൽ നിനക്ക് പേടിക്കാനൊന്നുമില്ല. മടങ്ങിപ്പോയി പഠനം പൂർത്തിയാക്കുന്നതു വരെ ക്ഷമ കൈക്കൊള്ളുക.'

റമദാൻ കഴിഞ്ഞ് അബ്ദുർറാസിഖ് പോയി. ഒരു മാസത്തിനു ശേഷം അഹ്മദ് ഖലീലിന് അയാളെഴുതി:

'ബാപ്പാ, ഞങ്ങൾക്കും രക്ഷയില്ലാതായിരിക്കുന്നു. ഞങ്ങൾ താടി വളർത്തരുത്, തലപ്പാവും അങ്കിയും ധരിക്കരുത്. പാശ്ചാത്യരെപ്പോലെ വേഷം ധരിക്കണം. അനുസരിച്ചില്ലെങ്കിൽ പുറത്താക്കും. ഇതാണ് ബാപ്പാ, ഈ കലാശാലയുടെ പുതിയ തലവൻ(Rector) ഇപ്പോൾ നടപ്പിലാക്കിയിട്ടുള്ള നിയമം. അൽ അസ്ഹർ പാടേ മാറിപ്പോയി. ബാപ്പയുടെ ഉപദേശമനുസരിച്ച് ഞാൻ അങ്ങേയറ്റം ക്ഷമിക്കുന്നു. ഇനി എത്രകാലം പിടിച്ചുനിൽക്കാനാവുമെന്ന് പറയാനാവില്ല.....'

അബ്ദുർറാസിഖിന്റെ കാര്യത്തിൽ എന്താണൊരു പോംവഴി? സുഹൃത്തുക്കളുമായി അഹ്മദ് ഖലീൽ കൂടിയാലോചിച്ചു. മദീനയിൽ പുതിയൊരു ഇസ്‌ലാമിക സർവകലാശാല സ്ഥാപിതമായിട്ടുണ്ട്. വിഖ്യാതരായ കുറേ മതപണ്ഡിതന്മാരുടെ ശ്രമഫലം. നല്ല അഭിപ്രായമാണ് കേൾക്കുന്നത്. അബ്ദുർറാസിഖിനെ അവിടെ പ്രവേശിപ്പിക്കണം. ശൈഖ് അബ്ദുൽ അസീസ് ഇബ്നുബാസാണ് റെക്ടർ. അദ്ദേഹത്തെ കണ്ട് സംസാരിക്കണം. അപേക്ഷിക്കണം.

സുഹൃത്തുക്കളോടൊപ്പം അഹ്മദ് ഖലീൽ ഇബ്നുബാസിനെ കണ്ടു സംസാരിച്ചു. തന്റെയും അബ്ദുർറാസിഖിന്റെയും കഥ വിവരിച്ചു പറഞ്ഞു. ശൈഖിന് ദയതോന്നി. വേണ്ടതു ചെയ്യാമെന്ന് അദ്ദേഹം അഹ്മദ് ഖലീലിന് ഉറപ്പുനൽകി.

'അന്ധനാണെങ്കിലും ആളുകളുടെ മനസ്സ് കാണാൻ ശൈഖിന് കഴിയുന്നുണ്ടല്ലോ. അല്ലാഹുവിന് സ്തുതി!'

ഇൻആമുല്ല പറഞ്ഞു.

ഇൻആമുല്ലയോടും അബ്ദുർറഹ്മാനോടുമൊപ്പമാണ് അഹ്മദ് ഖലീൽ ഇപ്പോൾ കൂടുതൽ സമയം ചെലവാക്കുന്നത്. വ്യക്തിപരമായ കാര്യങ്ങളെക്കുറിച്ചുള്ള വർത്തമാനം വളരെ കുറച്ച്. പൊതുകാര്യങ്ങളായിരിക്കും മിക്കപ്പോഴും ചർച്ചാവിഷയം. പ്രസിഡന്റ് അബ്ദുന്നാസിർ മരിച്ച വാർത്ത അറിഞ്ഞപ്പോൾ ഇനിയെന്ത്, ഇനിയാര് എന്നീ ചോദ്യങ്ങളായി ചർച്ചാവിഷയം. ജയിലിൽ കഴിയുന്ന ഇഖ്വാൻകാർക്ക് മോചനം ലഭിക്കുമോ? അല്ലാഹുവിന്റെ മാർഗത്തിലുള്ള അവരുടെ പ്രവർത്തനം സുഗമമാക്കാൻ പുതിയ പ്രസിഡന്റ് അനുവദിക്കുമോ? ദുർഭരണം അവസാനിച്ചല്ലോ ഈജിപ്തിൽ.....

മദീനയിൽ, തന്റെ പാർപ്പിടത്തിന്റെ കാര്യത്തിലും തൽക്കാലം ഭയപ്പെടാനൊന്നുമില്ലെന്നറിഞ്ഞപ്പോൾ കൂടുതൽ ആശ്വാസം തോന്നി. കെട്ടിടങ്ങൾ ഉടനെയൊന്നും പൊളിച്ചുമാറ്റാൻ ഉദ്ദേശിക്കുന്നില്ലത്രെ സുഊദി ഭരണകൂടം. അല്ലാഹുവിന് സ്തുതി!

'പാശ്ചാത്യരുടെ അഭിരുചിക്കനുസരിച്ച് വിശുദ്ധ പ്രവാചകന്റെ നഗരം മോടിപിടിപ്പിക്കാനാണ് അവരാഗ്രഹിക്കുന്നത്. തൽക്കാലം ഇവിടെയുള്ള ശിൽപികൾക്കാർക്കും അതിനുള്ള സാമർഥ്യം പോരാ.'

ഇൻആമുല്ല പറഞ്ഞു.

'ഈ പുസ്തകം കണ്ടിട്ടുണ്ടോ? വിശുദ്ധ പ്രവാചകനെ ഇതിൽ എങ്ങനെയാണ് പ്രകീർത്തിക്കുന്നതെന്ന് കേൾക്കണോ?'

പച്ച ചട്ടയുള്ള ഒരു കൊച്ചുപുസ്തകം നീട്ടിപ്പിടിച്ചുകൊണ്ട് അബ്ദുർറഹ്മാൻ ചോദിച്ചു.

'എന്ത് പുസ്തകമാണിത്?'

'അസ്റാറേ ഖുദി. പേർഷ്യൻ ഭാഷയിൽ. പാകിസ്താനിലുള്ള മൂത്ത പുത്രൻ അയച്ചുതന്നതാണിത്.'

'പേർഷ്യൻ ഭാഷ അറിയാതെ....'

'സംഗീതാത്മകമായ ഒന്നാംതരം കവിതയാണിത്. സംഗീതം ആസ്വദിക്കാൻ ഭാഷ അറിയണമെന്നില്ല. ഞാൻ വായിക്കാം.'

കുറച്ചുനേരം ശ്രുതിമധുരമായ എന്തോ അഹ്മദ് ഖലീൽ ശ്രവിച്ചു. അബ്ദുർറഹ്മാൻ വായന നിർത്തി പറഞ്ഞു: 'അറബിയിൽ ഞാൻ മൊഴിമാറ്റിത്തരാം. പക്ഷേ, പേർഷ്യൻ ഭാഷയിലുള്ള ചേതോഹരങ്ങളായ കാവ്യബിംബങ്ങൾക്ക് അറബി ഭാഷയിൽ വരുന്ന മാറ്റം.... എന്തായാലും അർഥം കേട്ടോളൂ:

*തിരോഭവിക്കുന്നതിനെയെല്ലാം തള്ളിപ്പറയുക – അങ്ങനെയാണ് അർഥപൂർണമാകുന്നത് ഇസ്‌ലാം. സൂര്യചന്ദ്രന്മാരുടെയും നക്ഷത്രങ്ങളുടെയും ദാസനാവാൻ ഇബ്റാഹീം കൂട്ടാക്കിയില്ല. അങ്ങനെയാണദ്ദേഹം അഗ്നികുണ്ഡത്തിലിരുന്ന് പുഞ്ചിരി പൊഴിച്ചത്. ഇന്നത്തെ അറിവിൽ സ്നേഹത്തിന്റെ പ്രകാശവും അവിശ്വാസിയുടെ പാനപാത്രത്തിൽ സത്യത്തിന്റെ സ്വാദും തേടരുത്...... ഓ മുസൽമാൻ! നിന്റെ ആത്മാവിൽ ദിവ്യസംഗീതമുള്ളപ്പോൾ മറ്റുള്ളവരുടെ പാട്ടുകൾ നീ മനഃപാഠമാക്കുന്നു. നിന്റെ അപ്പം നീ തേടേണ്ടത് അന്യരുടെ തീന്മേശയിലല്ല....*

*സ്നേഹഭാജനത്തിന് അഭയം നൽകിയ മദീനയിലെ മണ്ണിൽ കിടന്ന് മരിക്കണം എനിക്ക്. മുസ്‌ലിമായി മരിക്കണം. മറ്റാരും തിരിച്ചറിയണമെന്നില്ല. ദൈവം മാത്രം മനസ്സിലാക്കിയാൽ മതി എന്നെ.*

'ആരാണിതെഴുതിയത്?'

അഹ്മദ് ഖലീൽ ചോദിച്ചു.

'അല്ലാമാ മുഹമ്മദ് ഇഖ്ബാൽ. മുപ്പത്തിയഞ്ചുകൊല്ലം മുമ്പ് യശശ്ശരീരനായ മഹാകവി. ഇന്ത്യയിൽ ജനിച്ചു. അറബിയല്ലാത്ത, ഏതൊരറബിയേക്കാളും ഗാഢമായി ഇസ്‌ലാമിനെ സ്നേഹിച്ച കവി..... '

'നമുക്കൊന്നു പുറത്തിറങ്ങി നടന്നിട്ടുവരാം?'

'വേണ്ട. ഇപ്പോൾ നിങ്ങൾക്ക് വിശ്രമമാണാവശ്യം.'

'എന്നാലും ചങ്ങാതീ, നല്ല ഉന്മേഷം തോന്നുന്നു. അൽപം ശുദ്ധവായു ശ്വസിക്കാൻ......'

'ശരി, പോകാം' – ഇൻആമുല്ല.

തിരുനബിയും അൻസ്വാറുകളും നടന്ന തെരുവുകളിലൂടെ മൂവരും മുന്നോട്ടുനീങ്ങി. ഇരുവശത്തും കൊച്ചുകൊച്ചുവീടുകൾ. അൻസ്വാറുകൾ ഈ വീടുകളിലായിരുന്നുവല്ലോ.... നഗരം പരിഷ്കരിക്കാൻ വ്യഗ്രതപൂണ്ട ഭരണവർഗം വൈകാതെ എല്ലാം ഇടിച്ചുനിരത്തും......

നടന്നുനടന്ന് അവർ ജന്നത്തുൽ ബഖീഇലെത്തി. ഇവിടെയാണ് ആദരണീയരായ സ്വഹാബിമാർ വിശ്രമിക്കുന്നത്. ബദ്റിലും ഉഹുദിലും ശഹീദായ പലരുടെയും അന്ത്യവിശ്രമസ്ഥാനവും ഇതുതന്നെ. ഖബ്റാരാധന തടയാൻ വഹാബികൾ, കെട്ടിപ്പൊക്കിയ ഖബ്റുകൾ ഇടിച്ചുനിരപ്പാക്കി ഒരു നൂറ്റാണ്ടുമുമ്പ്. എന്നാലും ആരുടേതാണ് ഓരോ ഖബ്റും എന്ന് തിരിച്ചറിയാൻ കഴിയുന്നുണ്ട്..... തിരുനബി അബൂബക്റിന്റെ കൈപിടിച്ച് ഇവിടം സന്ദർശിച്ച കാര്യം അഹ്മദ് ഖലീൽ ഓർത്തു. ദേഹവിയോഗം സംഭവിക്കുന്നതിന് അൽപം മുമ്പ്, കഠിനമായ പനിയോടെ... ഓരോ ഖബ്റിനരികിലും തെല്ലിട നിന്നുകൊണ്ട് തിരുദൂതർ മൊഴിഞ്ഞു:

'ഖബ്റിൽ വിശ്രമിക്കുന്നവരേ, നിങ്ങൾക്ക് സമാധാനം! അല്ലാഹു നിങ്ങൾക്കും ഞങ്ങൾക്കും പൊറുത്തുതരട്ടെ. നിങ്ങൾ ഞങ്ങൾക്കു മുമ്പേ അവങ്കലേക്ക് പോയവർ; ഞങ്ങളും വരുന്നുണ്ട് നിങ്ങളുടെ പിറകെ....'

(തുടരും)